"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ. എ. ആർ നമ്പർ.380/14, 04/16 എന്നീ കേസുകൾക്ക് വിധിത്തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ഡി) വകുപ്പ്**

G.O.(Rt)No.1138/2024/PWD തിരുവനന്തപുരം, തീയതി,11-11-2024

പരാമർശം:-
1. 07.10.2013 തീയതിയിലെ സഉ(സാധാ)നമ്പർ.1317/2013/പൊ.മ.വ
2. 19.04.2021 തീയതിയിലെ സഉ(സാധാ)നമ്പർ.481/2021/പൊ.മ.വ
3. 12.11.2021 തീയതിയിലെ സഉ(സാധാ)നമ്പർ.998/2021/പൊ.മ.വ
4. 30.03.2022 തീയതിയിലെ സഉ(സാധാ)നമ്പർ.357/2022/പൊ.മ.വ
5. 08.02.23 തീയതിയിലെ സഉ(സാധാ)നമ്പർ.132/2023/പൊ.മ.വ
6. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 18.10.2024 തീയതിയിലെ CEPWD/21596/2022-FR10-PWD നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി പാലം നിർമ്മാണത്തിനായി പരാമർശം (1) പ്രകാരം 1400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ.ആർ 380/14, 619/15, 775/15 എന്നീ കേസുകളുടെ വിധിത്തുക നൽകുന്നതിനായി പരാമർശം (2) പ്രകാരം 77,93,446/- രൂപയുടെയും, എൽ. എ.ആർ നമ്പർ 775/2015, 64/2014 എന്നീ കേസുകൾക്ക് (28A) പ്രകാരമുള്ള അവാർഡ് തുക നൽകുന്നതിനായി പരാമർശം (3) പ്രകാരം 25,06,248/- രൂപയുടെയും, എൽ. എ. ആർ 14/12 കേസിന്റെ വിധിത്തുക നൽകുന്നതിനായി പരാമർശം (4) പ്രകാരം 10,83,401/-രൂപയുടെയും, എൽ.എ.ആർ 64/14 കേസിലെ (28A) പ്രകാരമുള്ള വിധിത്തുകയായി പരാമർശം (5) പ്രകാരം 10,49,226/-രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം എൽ എ ആർ കേസുകൾക്കായി ആകെ 1,24,32,321/- രൂപയുടെ ഭരണാനുമതി 5054-04-337-80 (പി സി)' എന്ന ശീർഷകത്തിൽ നൽകിയിട്ടുണ്ടായിരുന്നു.

3) കോതി പള്ളിക്കണ്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ 380/14, 4/16 കേസുകളിലെവിധിത്തുക അനുവദിക്കുന്നതിനായി 11,74,200/- രൂപ ആവശ്യമുണ്ടെന്നും മുൻപ് ഭരണാനുമതി നൽകിയ 1,24,32,321/-രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള 11,74,200/- രൂപയും ചേർത്ത് 1,36,06,521/-രൂപയുടെ (1,24,32,321+11,74,200) പുതുക്കിയ ഭരണാനുമതി നൽകണമെന്ന്

പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (6) പ്രകാരം അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ 380/14 , 4/16 എന്നീ കേസുകളിലെ വിധിത്തുക അനുവദിക്കുന്നതിനായി മുൻപ് ഭരണാനുമതി നൽകിയ 1,24,32,321/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള 11,74,200/- രൂപയും ചേർത്ത് 1,36,06,521/-രൂപയുടെ (ഒരുകോടി മുപ്പത്തിയാറ് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-പി (സി) എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUJITHA KUMARI S S
DEPUTY SECRETARY

ചീഫ് എഞ്ചിനീയർ / പാലങ്ങൾ & നിരത്തുകൾ വിഭാഗങ്ങൾ
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ - ഡി1/16/2023-പൊ.മ.വ.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 11-11-2024 17:40:36
സെക്ഷൻ ഓഫീസർ